# ടീം KSRTC Blog ന്റെ കക്കാടംപൊയിൽ, ബത്തേരി

# ട്രിപ്പിന്റെ യാത്രാവിവരണം ഭാഗം 1 by Prasanth Sasi

യാത്രകൾ എന്നും എനിക്ക് ഹരമാണ്. അങ്ങനെയിരിക്കുമ്പോഴാണ് ഒരു ചെറിയ ഇടവേളയ്ക്കു ശേഷം ഞങ്ങൾ കുറച്ചു കൂട്ടുകാർ ചേർന്ന് 2 ദിവസത്തെ ഒരു ട്രിപ്പിനു പദ്ധതിയിട്ടത്. നിലമ്പൂരിലെ ഗവി എന്നറിയപ്പെടുന്ന കക്കാടംപോയിൽ വഴി സുൽത്താൻ ബത്തേരിയ്ക്കാണ് ഞങ്ങൾ റൂട്ട് പ്ലാൻ ചെയ്തത്.

കെ എസ് ആർ ടി സി മാത്രം സർവീസ് നടത്തുന്ന കക്കാടംപോയിലിലെ കാഴ്ചകൾ കാണുക , പിന്നെ നീലഗിരിയുടെ സുൽത്താൻ എന്നറിയപ്പെടുന്ന ബത്തേരിഊട്ടി കോയമ്പത്തൂർ സൂപ്പർഫാസ്റ്റിനു സ്റ്റിക്കർ വർക്ക് ചെയ്യുക എന്നതുമായിരുന്നു ഈ യാത്രയുടെ പ്രധാന ഉദ്യേശം.

ജൂലൈ 12 നു രാവിലെ 3 മണിക്ക് പത്തനംതിട്ടയിൽ നിന്നും സുജിത് ഭക്തൻ ഒറ്റയ്ക്കാണ് യാത്ര തുടങ്ങിയത്. ആലപ്പുഴയിൽ നിന്നും ജയകൃഷ്ണനും എറണാകുളത്തുനിന്നും ഞാനും ആന്റണിയും ഒപ്പം കൂടി. സുജിത്തിന്റെ പുത്തൻ ആൾട്ടോ കാറിലായിരുന്നു യാത്ര. 5 മണിയോടെ ഞങ്ങൾ എറണാകുളം നഗരം വിട്ടു. ഗുരുവായൂര് എത്തുന്നതിനു മുൻപേ ഞങ്ങൾ കുന്നംകുളം റൂട്ടിൽ കയറി. പിന്നെ അവിടുന്ന് പട്ടാമ്പിപെരിന്തൽമണ്ണ വഴി മഞ്ചേരി എത്തിച്ചേർന്നു.

ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് എന്നും സഹായഹസ്തവുമായി ഉണ്ടായിരുന്ന , ഇപ്പോൾ പട്ടാമ്പി എ.എം.വി യുമായ ഈസ്റ്റർ യാഷിക്ക സാറിന്റെ മഞ്ചേരിയിലെ വീട്ടില് ഞങ്ങൾ കുറച്ചു സമയം ചിലവഴിച്ചു. കക്കാടംപോയിൽ റൂട്ടിനെക്കുറിച്ച് സർ കുറെയധികം കാര്യങ്ങൾ വിശദീകരിച്ചു തന്നു. അവിടെ നിന്നും മഞ്ചേരി സ്പെഷ്യൽ കപ്പയും മീൻകറിയും കഴിച്ചതിനു ശേഷം ഞങ്ങൾ സാറിനോട് യാത്രപറഞ്ഞു.

നിലമ്പൂർ പിന്നിട്ടു കക്കാടംപോയിലിലേക്ക് നീങ്ങിയപ്പോൾ തന്നെ പ്രകൃതിയുടെ രൂപം തന്നെ മാറിയിരുന്നു. ചാറ്റൽ മഴയും തണുപ്പും അകലെ മലനിരകളിൽ പാറി നടക്കുന്ന കോടമഞ്ഞും....... എല്ലാം കൊണ്ടും മനസ്സിന് കുളിർമയേകുന്ന അനുഭവം തന്നെ. കുറച്ചുദൂരം ചെന്നപ്പോൾ കുത്തനെയുള്ള കയറ്റം തുടങ്ങി. കാർ ഞങ്ങളെയും വെച്ചു കയറാൻ ബുദ്ധിമുട്ടുന്ന കയറ്റം... ഒരു ബസ്സിനു മാത്രം പോകാവുന്ന വഴിയുടെ ഒരു വശത്ത് കുന്നും മറുവശത്ത് കൊക്കയും.... അവസാനം ഞങ്ങൾ മൂന്നുപേർ ഇറങ്ങിയശേഷമാണ് പല സ്ഥലത്തും കയറ്റം കയറാനായത്.

ഇതിലൂടെ നമ്മുടെ ക്ക്ശ്ര്ട്ച് സർവീസ് നടത്തുന്നുണ്ട് എന്നോർത്തപ്പോൾ തെല്ലും അത്ഭുതം തോന്നിയില്ല. കാരണം.. ആനവണ്ടി ഒരു സംഭവം തന്നെ ആണെന്ന് നമുക്ക് നേരത്തെ തന്നെ അറിയാം.

കെ എസ് ആർ ടി സി ബ്ലോഗിന്റെ ന്റെ അമരക്കാരനായ സുജിത്തിനെ ആ മലമുകളിൽ വെച്ച് വരെ ആളുകള് തിരിച്ചറിയുന്നുണ്ടായിരുന്നു. ബ്ലോഗിന്റെ വിശേഷങ്ങൾ ചോദിച്ചു ഒരു സംഘം ചെറുപ്പക്കാർ ഞങ്ങൾക്ക് ചുറ്റും കൂടി. കുറച്ചുകൂടി ചെന്നപ്പോൾ കക്കാടംപോയിൽ എത്തിച്ചേർന്നു. അപ്പോൾ അതാ കിടക്കുന്നു അവിടെ നമ്മുടെ ആനവണ്ടി. 'എനിക്ക് ഈ കയറ്റമൊന്നും ഒരു പ്രശ്നമല്ല മോനെ ദിനേശാ..' എന്ന മട്ടിലായിരുന്നു ആ കുട്ടിക്കൊമ്പന്റെ കിടപ്പ്. കുറച്ചു ഫോട്ടോകൾ എടുത്തശേഷം ഞങ്ങൾ വീണ്ടും യാത്ര തുടർന്നു. കുറച്ചു ചെന്നിട്ടു ഇറക്കത്തിലെ ഒരു വളവിൽ ഞങ്ങൾ കുട്ടിക്കൊമ്പനെയും കാത്തു കിടന്നു.

അധികം വൈകാതെ തന്നെ ഞങ്ങളെ കോരിത്തരിപ്പിച്ചുകൊണ്ട് കക്കാടംപോയിലിലെ കുട്ടിക്കൊമ്പൻ (ആർ എ സി 144, ഓർഡിനറി) ഞങ്ങളെ കടന്നുപോയി. പുറകെ ഞങ്ങളും കുതിച്ചു. പിന്നെ ഏതോ ഒരു സ്റ്റോപ്പിൽ വെച്ച് ഞങ്ങൾ അവനെ മറികടന്നു. പിന്നീട് ഞങ്ങൾ വേറെ ഒരിടത്തും നിർത്തിയില്ല. നേരെ താമരശ്ശേരി ചുരം...

ഉച്ച കഴിഞ്ഞപ്പോഴേക്കും ഞങ്ങൾ താമരശ്ശേരി ചുരം കയറാൻ തുടങ്ങി. ചുരത്തിൽ എതിരെ വരുന്ന ബസ്സുകളുടെ ചിത്രങ്ങൾ എടുക്കാൻ ആന്റണി നന്നേ പരിശ്രമിച്ചുകൊണ്ടിരുന്നു. കോടമഞ്ഞ് കാണുന്നില്ലല്ലോ എന്നായിരുന്നു ഞങ്ങളുടെ പരിഭവം. 9 ഹെയർപിൻ വളവുകൾ പിന്നിട്ടപ്പോഴേക്കും നനുത്ത കോടമഞ്ഞ് വ്യാപിക്കാൻ തുടങ്ങിയിരുന്നു. തണുത്ത അന്തരീക്ഷവും മഞ്ഞുമൂടിക്കിടക്കുന്ന കാഴ്ചയും. ഹോ...പറഞ്ഞറിയിക്കാൻ വയ്യാത്ത ഒരു അനുഭവം തന്നെയായിരുന്നു അത്. വാഹനങ്ങളെല്ലാം തന്നെ പാർക്ക് ലൈറ്റുകൾ, ഫോഗ് ലാമ്പ് എന്നിവയിട്ടുകൊണ്ട് മഞ്ഞിനെ കീറിമുറിച്ചുകൊണ്ട് ഒഴുകിനീങ്ങുന്ന ആ കാഴ്ച എന്നും നമ്മുടെ മനസ്സില് ഉണ്ടാകുമെന്നുറപ്പ്. അങ്ങനെ ഞങ്ങൾ വൈകുന്നേരം 5 മണിയോടെ സുൽത്താൻ ബത്തേരിയിൽ എത്തിച്ചേർന്നു.

ബാംഗ്ലൂരിൽ നിന്നും വൈശാഖ് നേരത്തെ തന്നെ എത്തി 2 റൂം എടുത്തിട്ടുണ്ടായിരുന്നു. ഞങ്ങൾ റൂമിൽ ചെന്ന് ഒന്നിരുന്നശേഷം പെട്ടെന്ന് തന്നെ കറങ്ങാൻ പുറപ്പെട്ടു. മുത്തങ്ങ , ബന്ദിപ്പൂർ കാടുകളായിരുന്നു ലക്ഷ്യം. സുജിത്തും വൈശാഖും മുന്നിലും ഞാൻ, ആന്റണി, ജയകൃഷ്ണൻ എന്നിവർ പിറകിലും ആയിരുന്നു ഇരുന്നിരുന്നത്. മുത്തങ്ങ വനത്തിലേക്ക് പ്രവേശിച്ചപ്പോൾ സുജിത് കാറിന്റെ വേഗത കുറച്ചു. അതോടെ ഞങ്ങൾ ഇരുവശങ്ങളിലേക്കും കണ്ണുനട്ടിരുന്നു. വന്യമൃഗങ്ങളെ അടുത്തുകാണാമെന്ന പ്രതീക്ഷയോടെയായിരുന്നു ഞങ്ങളെല്ലാവരും. പക്ഷെ മുത്തങ്ങ വനം ഞങ്ങൾക്ക് നിരാശയാണ് സമ്മാനിച്ചത്. അങ്ങനെ ഞങ്ങൾ കേരളകർണാടക അതിർത്തി കടന്നു. ഇപ്പോൾ ഞങ്ങൾ കന്നടനാട്ടിലെ ബന്ദിപ്പൂർ വനത്തിലാണ് കേട്ടോ. അവിടെ നിന്ന് തുടങ്ങുകയായി കാഴ്ചകളുടെ പ്രപഞ്ചം. മാനുകൾ കൂട്ടത്തോടെ മേയുന്നതും... കാട്ടുപോത്തുകൾ സംശയദൃഷ്ടിയോടെ നമ്മെത്തന്നെ ഉറ്റു നോക്കുന്നതും..... അങ്ങനങ്ങനെ.....

പക്ഷെ അപ്പോഴും ഞങ്ങൾ കാത്തിരുന്ന ആ കാഴ്ച മാത്രം ഉണ്ടായില്ല. ബന്ദിപ്പൂർ പോയിട്ട് ആനക്കൂട്ടങ്ങളെ കാണാതെ തിരിച്ചുവരുന്നതെങ്ങനെ? പക്ഷെ അത് മാത്രം ഉണ്ടായില്ല. താമസിയാതെ ഞങ്ങൾ ബത്തേരിയിലേക്ക് മടക്കയാത്ര ആരംഭിച്ചു. കേരള അതിർത്തി എത്തുന്നതിനു മുന്നേ ജയകൃഷ്ണൻ പെട്ടെന്ന് ഒച്ചവെച്ചു. സുജിത് പേടിച്ചു ബ്രേക്ക് ചവിട്ടി. എല്ലാവരും ഒരു നിമിഷം പരസ്പരം പരിഭ്രമത്തോടെ നോക്കി. ജയകൃഷ്ണൻ ആ നിമിഷം ഇടത്തേക്ക് കൈ ചൂണ്ടി. അവിടെ കണ്ട കാഴ്ച ഞങ്ങളെ എല്ലാവരെയും ഒരു നിമിഷത്തേക്ക് സ്തബ്ദരാക്കിക്കളഞ്ഞു. എട്ടു പത്തോളം വരുന്ന ഒരു ആനക്കൂട്ടം.. അതും വഴിയരികിൽത്തന്നെ. ഞങ്ങളുടെ പുറകിൽ മറ്റൊരു ടീമും ആനക്കൂട്ടത്തെ കണ്ടു വണ്ടി നിർത്തിയിരുന്നു. ഏകദേശം ഞങ്ങളും ആനകളും തമ്മിൽ കഷ്ടിച്ച് 30 മീറ്റർ ദൂരം മാത്രം. ഞങ്ങൾ പെട്ടെന്ന് ക്യാമറ എടുത്തപ്പോഴേക്കും പെട്ടെന്നായിരുന്നു അത് സംഭവിച്ചത്. കൂട്ടത്തിലെ ഒരു ആന ചിന്നംവിളിയോടെ ഞങ്ങൾക്ക് നേരെ... ക്ഷണനേരം കൊണ്ട് ഞങ്ങളും പുറകെ വന്ന ടീമും വണ്ടി പറപ്പിച്ചു. ചുമ്മാ ഒന്ന് വിരട്ടിയതായിരിക്കണം ആ കൊമ്പൻ. ആന്റണിയുടെ ക്യാമറയിൽ ഒരു ചിത്രം പതിഞ്ഞിട്ടുണ്ടായിരുന്നു. എങ്കിലും ജീവൻ തിരിച്ചുകിട്ടിയ ആശ്വാസത്തിൽ ഞങ്ങൾ മടങ്ങി.

പിന്നെ വേറൊരിടത്തും ഞങ്ങൾ വണ്ടി നിർത്തിയില്ല. നേരെ ബത്തേരി ക്ക്ശ്ര്ട്ച് സ്റ്റാൻഡിൽ ചെന്ന് പിറ്റേന്ന് സ്റ്റിക്കർ വർക്ക് നടത്തുന്ന കാര്യങ്ങൾ ഒന്നുകൂടി പ്ലാൻ ചെയ്തു. അവിടെവെച്ചു കോട്ടയംപെരിക്കല്ലൂർ സൂപ്പർ ഡീലക്സ് കാണാനിടയായി. 7.30 ഓടെ ഞങ്ങൾ റൂമിലേക്ക് തിരിച്ചുപോയി. രാത്രി 10 മണിയോടെ ജോസ് എഫ് സ്കറിയ ബാംഗ്ലൂരിൽ നിന്നും സ്റ്റിക്കറുകളും റൂട്ട് ബോർഡുകളുമായി നമ്മുടെ ബാംഗ്ലൂർ തിരുവനന്തപുരം വോൾവോയിൽ എത്തിച്ചേർന്നു. 12 മണിയോടെ ഞങ്ങൾ 2 മുറികളിലായി കിടന്നു. വൈശാഖ് മാത്രം ഫുട്ബോൾ മത്സരം കാണുന്നതിനായി ഉറക്കമിളച്ചു നിന്നു.

(തുടരും...)